(ബി) അവധിക്കാലത്ത് അദ്ധ്യാപക പരിശീലനം നടത്തുന്നപക്ഷം കുട്ടികൾക്ക് ക്ലാസ് നഷ്ടമാകാതെ അദ്ധ്യാപനം നടത്തുവാൻ കഴിയും എന്ന് കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ അദ്ധ്യാപക പരിശീലനം അവധിക്കാലത്ത് നടത്താൻ നടപടിയെടുക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) വേനൽക്കാല അവധി സമയത്തും സ്കൂൾ തുറന്നതിനുശേഷവുമാണ് പരിശീലനം നടത്തുന്നത്.

(ബി ആൻറ് സി) അവധിക്കാലത്ത് അദ്ധ്യാപക പരിശീലനം നടത്തി കുട്ടികൾക്ക് ക്ലാസ് നഷ്ടമാകാതെ അദ്ധ്യാപനം നടത്താൻ കഴിയുന്നവിധം പരിശീലന പ്രോഗ്രാം ആസൂത്രണം ചെയ്യുന്നുണ്ട്.

മെയിൻറനൻസ് മാനേജ്മെൻറ് യൂണിറ്റിൻറെ പ്രവർത്തനം

*6 [339] ശ്രീ. രാജു എബ്രഹാം:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ മെയിൻറനൻസ് മാനേജ്മെൻറ് യൂണിറ്റിൻറെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ യൂണിറ്റിൻറെ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമെന്നു വിശദീകരിക്കാമോ;

(ബി) റോഡുകളുടെ മെയിൻറനൻസ് ഫണ്ടിൻറെ ലഭ്യതയനുസരിച്ച് മുൻഗണന അടിസ്ഥാനത്തിൽ പണി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) 'പെർഫോർമൻസ് ബേസ്ഡ് മെയിൻറനൻസ്' എന്ന സമ്പ്രദായം പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് ഇതിൻറെ ഉദ്ദേശലക്ഷ്യങ്ങൾ എന്ന് വ്യക്തമാക്കാമോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) റോഡുകളുടെ മെയിൻറനൻസ് മാനേജ്മെൻറ് യൂണിറ്റിൻറെ പ്രവർത്തനം പൂർണ്ണതോതിൽ ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നിലവിലുള്ള - റോഡ് മാപ്പുകളുടേയും ഉപഗ്രഹ ചിത്രങ്ങളുടെയും സഹായത്തോടുകൂടി ജി. ഐ. എസ് സിലധിഷ്ഠിതമായ, എല്ലാ റോഡുകളുടെയും വിശദമായ വിവരങ്ങൾ അടങ്ങിയ കമ്പ്യൂട്ടർ സിസ്റ്റം ഉണ്ടാക്കിവരുന്നു. ഇതിനെ ആസ്പദമാക്കി കമ്പ്യൂട്ടർ സോഫ്റ്റ്വെയർ എച്ച്. ഡി എം. 4 ഉപയോഗിച്ച് റോഡുകളുടെ മെയിൻറനൻസിൻറെ മുൻഗണന നിശ്ചയിച്ച് പണി നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും, റോഡ് മെയിൻറനൻസിൻറെ കേരളം മൊത്തമായുള്ള ആസൂത്രണവും, ജി. ഐ. എസ്. സിസ്റ്റത്തിലേയ്ക്കായി റോഡുകളുടെ അവസ്ഥയെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ശേഖരിക്കുകയുമാണ് ഈ യൂണിറ്റിൻറെ ചുമതലകളായി ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരുമാനിച്ചിട്ടുണ്ട്.

(സി) ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന കെ. എസ്. ടി. പി. യുടെ ഭാഗമായി 'പെർഫോർമൻസ് ബേസ്ഡ് മെയിന്റനൻസ്' എന്ന സമ്പ്രദായം പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കാനുള്ള നടപടികളും നടന്നുവരുന്നു. ഇതിലേക്കായുള്ള ടെൻഡർ ഡോക്യുമെന്റിന്റെ തയ്യാറാക്കൽ പ്രവർത്തനങ്ങളും അവസാന ഘട്ടത്തിലാണ്. വിവിധ ശ്രേഡിലുള്ള റോഡുകൾക്കാവശ്യമായ കുറഞ്ഞ നിലവാരം നിശ്ചയിച്ച് ഒരു പ്രത്യേക കാലയളവിൽ റോഡുകളുടെ ഈ യോഗ്യത നിലനിർത്താനായി കോൺട്രാക്ട് കൊടുക്കുന്ന രീതിയാണ് പെർഫോർമൻസ് ബേസ്ഡ് മെയിന്റനൻസ്. ഈ കോൺട്രാക്ടിനോടനുബന്ധിച്ച് റോഡുകളുടെ കുറഞ്ഞ നിലവാരം നിലനിർത്താനായി റോഡുകളിൽ വരുന്ന കുഴികളും മറ്റും നികത്തുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ കോൺട്രാക്ടർ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തേണ്ടതാണ്. റോഡുകളുടെ നിലവാരം മോശമായ ശേഷം അതിന്റെ അറ്റകുറ്റപണികളും നടത്തുന്നതിനുപകരം പ്രിവന്റീവ് മെയിന്റനൻസിലൂടെ റോഡുകളുടെ നിലവാരം നിലനിർത്തുകയാണ് പെർഫോർമൻസ് ബേസ്ഡ് മെയിന്റനൻസിന്റെ ഉദ്ദേശ ലക്ഷ്യം. ഇതുവഴി മെയിന്റനൻസിന്റെ മികവ് നിലനിർത്തുകയും, ചെലവ് കുറയ്ക്കുകയും, മേൽനോട്ടത്തിന് വേണ്ടി വരുന്ന മാനവശേഷി കുറയ്ക്കുകയുമാണ് ഉദ്ദേശ്യം.

ഐ. ടി: അറ് സ്കൂൾ പ്രായോഗിക പരീക്ഷയിലെ ക്രമക്കേടുകൾ

*7 [340] ശ്രീ. ടി. എം. ജേക്കബ്:
,, ഷിബു ബേബി ജോൺ:
,, ജോണി നെല്ലൂർ:
,, ആർ. ബാലകൃഷ്ണപ്പിള്ള:
,, കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ് സ്കൂൾ പ്രായോഗിക പരീക്ഷയിൽ ഒട്ടേറെ ക്രമക്കേടുകൾ നടന്നതായി മാദ്ധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1995-ലെ പകർപ്പവകാശ നിയമപ്രകാരം ലൈസൻസ് ഇല്ലാത്ത വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റവും ഓഫീസ് പാക്കേജുകളും സ്കൂളുകളിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ ദുരുപയോഗം നടത്തിയ ആർക്കെങ്കിലുമെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്. എന്നാൽ ക്രമക്കേടുകൾ നടന്നു എന്ന വാർത്ത ശരിയല്ല. ആദ്യമായി നടത്തപ്പെട്ട ഇത്തരമൊരു പരീക്ഷയിൽ സോഫ്റ്റ്വെയർ/ഹാർഡ് വെയർ പ്രവർത്തിക്കാത്തതുമൂലം ഉണ്ടായ ആശയക്കുഴപ്പം മാത്രമാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly